**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**<u>കേരളാ പോലീസിലെ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റുകൾ</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2887 10/05/2017-ൽ മറുപടിക്ക്**

**ചോദ്യം** — **ശ്രീ.കെ. ആൻസലൻ**

**മറുപടി** — **പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | 20.06.2016-ൽ പി.എസ്.സി പ്രസിദ്ധീകരിച്ച കേരളാ പോലീസിലെ കെ.എ.പി-1, കെ.എ.പി-5, കെ.എ.പി-4,എസ്.എ.പി റാങ്ക് ലിസ്റ്റിൽ നിന്നും കുറച്ച് പേർക്ക് ആണ് നിയമനം ലഭിച്ചിട്ടുള്ളത് എന്നതിനാൽ ഒരു വർഷം വരെ മാത്രം കാലാവധിയുള്ള ഈ ലിസ്റ്റിന്റെ കാലാവധി നീട്ടി നല്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | 21.06.2016-ന് പ്രസിദ്ധീകരിച്ച പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി വിജ്ഞാപനത്തിലെ വ്യവസ്ഥപ്രകാരം ഒരു വർഷമോ ടി പട്ടികയിൽ നിന്നും നിയമന ശിപാർശ ചെയ്യപ്പെടുന്നവരുടെ പരിശീലനം ആരംഭിച്ച് ഒരു മാസം വരെയോ ഏതാണ് അവസാനം വരുന്നത് അതുവരെ ആയിരിക്കും.ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകുന്നത് തൽക്കാലം പരിഗണനയിലില്ല. |
| (ബി) | കേരളാ പോലീസിൽ 6621 ഒഴിവുകൾ ഉള്ളതായി ആഭ്യന്തര മന്ത്രാലയം ചൂണ്ടിക്കാണിച്ചിട്ടുള്ള സാഹചര്യത്തിൽ ഇതു നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | കേരളാ പോലീസിലുണ്ടായ ഒഴിവുകൾ മുഴുവനും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | 2017-18 സാമ്പത്തിക വർഷത്തിൽ എത്ര പേരെ പോലീസിൽ നിയമിക്കാൻ കഴിയും; | (സി) | 2017-18 സാമ്പത്തിക വർഷത്തിൽ ഒഴിവു വരുന്ന തസ്തികകളിൽ പുതിയ നിയമനം നടത്തുവാൻ കഴിയും. എന്നാൽ ഇക്കാര്യത്തിൽ കൃത്യമായ കണക്കെടുപ്പ് പ്രായോഗികമല്ല. |
| (ഡി) | 2016 ൽ പി എസ്.സി പ്രസിദ്ധീകരിച്ച കെ.എ.പി II (തൃശ്ശൂർ) ആംഡ് പോലീസ് റാങ്ക് ലിസ്റ്റിന്റെ കാലാവധി ജൂൺ 2017-ൽ അവസാനിക്കുമെന്നതിനാൽ ഈ ലിസ്റ്റ് നീട്ടി നൽകാൻ സാധിക്കുമോ? | (ഡി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല |